# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.520 07.01.2014-ൽ മറുപടിക്ക്

ചോദ്യം

ശ്രീ.എം.ചന്ദ്രൻ

ഉത്തരം

ശ്രീ.കെ.എം.മാണി
ധനകാര്യവും നിയമവും ഭവന
നിർമ്മാണവും വകുപ്പു മന്ത്രി

## അധിക വിഭവ സമാഹരണം

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതികൾ പുതുതായി ഏർപ്പെടുത്തിയും നിലവിലുള്ള നിരക്കിൽ മാറ്റം വരുത്തിയും ഓരോ വർഷവും ബഡ്ജറ്റിൽ അധികവിഭവ സമാഹരണത്തിലൂടെ എന്തു തുക വീതം സമാഹരിക്കുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്; വർഷവും അധിക വിഭവ സമാഹരണലക്ഷ്യവും വിശദമാക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ അധിക വിഭവസമാഹരണ മാർഗ്ഗങ്ങളിലൂടെ ലക്ഷ്യമിട്ടിരുന്ന വരുമാനം യഥാക്രമം 616, 1512.05, 1138.33 കോടി രൂപയായിരുന്നു. അധിക വിഭവ സമാഹരണത്തിലൂടെ 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ അനുബന്ധം 1 , 2 ആയി ചേർക്കുന്നു. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ഒക്ടോബർ 31 വരെ, അധിക വിഭവസമാഹരണത്തിലൂടെ ലക്ഷ്യമിട്ടതുൾപ്പെടെ ലഭിച്ച ആകെ സംസ്ഥാന നികുതി വരുമാനം 17936.78 കോടി രൂപ ആണ്. ഇതിൽ അധിക വിഭവ സമാഹണ മാർഗ്ഗത്തിലൂടെ ലഭിച്ച തുകയുടെ വേർതിരിച്ചുള്ള കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല. |
| (ബി) | പ്രസ്തുത കാലയളവിൽ ഓരോ ഇനത്തിലും യഥാർത്ഥത്തിൽ എത്ര തുക സമാഹരിക്കപ്പെട്ടു എന്ന് വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ

അനുബന്ധം – I

| അധിക വിഭവ സമാഹരണം 2011–12 | | |
|---|---|---|
| | തുക കോടിയിൽ | |
| | ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരുമാനം | ലഭിച്ച യഥാർത്ഥ വരുമാനം |
| 4000 ചതുരശ്ര അടിയോ അതിൽക്കൂടുതലോ തറ വിസ്തീർണ്ണമുള്ള വീടുകൾക്കും ബിൽഡിങ്ങ് ടാക്സിനു പുറമേ 2% സെസ്സ് | 5 | 0 |
| പ്പാൻപരാഗ് പോലുള്ള ചവയ്ക്കുന്ന പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗം നിരുത്സാഹപ്പെടുത്തുന്നതിനായി നികുതിനിരക്ക് 20% ആയി വർദ്ധിപ്പിച്ചതിലൂടെ ലഭിക്കുന്ന വരുമാനം | 5 | 3.14 |
| മദ്യത്തിൻെറ ഉപഭോഗം നിരുത്സാഹപ്പെടുത്തുന്നതിനായി ഏർപ്പെടുത്തിയ സാമൂഹ്യ സുരക്ഷാ സെസ്സ് 6 % ആയി വർദ്ധിപ്പിച്ചതിലൂടെ ലഭിക്കുന്ന വരുമാനം | 135 | 136.78 |
| ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന് അനുവദിച്ച 5% സർച്ചാർജ്ജ് ഇളവ് പിൻവലിക്കൽ | 192 | 162.30 |
| നിയമലംഘനനത്തിന് വസുലാക്കുന്ന പരമാവധി കോമ്പൗണ്ടിംഗ് തുക 4 ലക്ഷം രൂപയിൽ നിന്നും 8 ലക്ഷം രൂപയായി ഉയർത്തിയത്. | 1 | 1.61 |
| കോമ്പൗണ്ടിംങ്ങ് സമ്പ്രദായത്തിൽ നികുതി അടയ്ക്കാൻ സ്വർണ്ണവ്യാപാരികൾക്ക് നിലവിലുണ്ടായിരുന്ന പദ്ധതി പിൻവലിക്കുന്നതിലൂടെ ലഭിക്കുന്ന അധിക വരുമാനം | 15 | 23.60 |
| ആഴ്ചയിൽ എല്ലാ ദിവസവും ഭാഗ്യക്കുറി ആരംഭിക്കുന്നതിലൂടെ ലഭിക്കുന്ന അധിക വരുമാനം | 263 | 675.92 |
| **ആകെ അധികവിഭവ സമാഹരണം** | **616** | 1003.35 |

സെക്ഷൻ ഓഫീസർ

അനുബന്ധം - II

| അധിക വിഭവ സമാഹരണം 2012-13 | | |
|---|---|---|
| | തുക കോടിയിൽ | |
| | ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരുമാനം | ലഭിച്ച യഥാർത്ഥ വരുമാനം |
| സ്വകാര്യാവശ്യത്തിനുപയോഗിക്കുന്ന മോട്ടോർ കാറുകളുടെയും പ്രൈവറ്റ് സർവ്വീസ് വാഹനങ്ങളുടെയും നികുതി നിരക്കുകൾ പരിഷ്കരിച്ചതിലൂടെ ലഭിക്കുന്ന അധിക വരുമാനം | 115 | 251.77 |
| വാറ്റിലെ പൊതു നിരക്കുകളായ 4, 12.5 എന്നീ നിരക്കുകൾ യഥാക്രമം 5ഉം 13.5 ഉം ആയി വർദ്ധിപ്പിക്കുമ്പോൾ പ്രതീക്ഷിക്കുന്ന അധിക വരുമാനം | 1000 | 1058.18 |
| ബീഡി ഒഴികെ സിഗററ്റിൻെറയും സമാന ഉത്പന്നങ്ങളുടെയും നികുതി നിരക്ക് 12.5 % ൽ നിന്ന് 15 % മായും പാൻമസാല മുതലായ പുകയില ഉത്പന്നങ്ങളുടെ നികുതി നിരക്ക് 20 ൽ നിന്ന് 22.5 ശതമാനമായും ഉയർത്തുന്നതിലൂടെ ലഭിക്കുന്ന അധിക വരുമാനം | 76 | 67.22 |
| വിദേശമദ്യത്തിൻെറ നികുതിയിന്മേൽ നിലവിലുള്ള 6% സാമൂഹ്യസുരക്ഷാ സെസ്സ് 10 ശതമാനമായി ഉയർത്തുന്നതിലൂടെ ലഭിക്കുന്ന അധിക വരുമാനം | 90 | 160.06 |
| ഭൂനികുതി നിരക്കുകൾ ഇരട്ടിയാക്കൽ, കുടുംബാംഗ ങ്ങളുടെ പേരിലല്ലാതെ സ്ഥാവര വസ്തുക്കളുടെ വില്പനയ്ക്കായി ചമയ്ക്കുന്ന മുക്ത്യാറുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയുടെ 2% രജിസ്ട്രേഷൻ ഫീസ് ഈടാക്കൽ, ക്രഷറുകളുടെ വായ വിസ്താരത്തിൻെറ അടിസ്ഥാനത്തിൽ നികുതി നിരക്കുകൾ പരിഷ്കരിക്കൽ മുതലായവ | 231.05 | 43.46 |
| **ആകെ അധികവിഭവ സമാഹരണം** | **1512.05** | **1580.69** |

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**